# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബർ 30 വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -251)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| സഹകരണ വകുപ്പുമന്ത്രി | : 1200 മുതൽ 1222 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : 1223 മുതൽ 1276 വരെ |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി | :1277 മുതൽ 1339 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 1340 മുതൽ 1450 വരെ |

## സഹകരണ വകുപ്പിന്റെ വിഭജനം

1200 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ വിഭജനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) വിഭജനം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

**കേരള നിയമസഭ**

**30.09.2011-ലെ മറുപടിക്ക്**

(സി) എന്നാണ് വകുപ്പ് വിഭജനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്</u>

1201 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൽപ്പാദന പദ്ധതികൾക്ക് വേണ്ടി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുക്കാമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) അത്തരം ലോണുകൾക്ക് പലിശ കുറവ് നൽകിക്കൊണ്ട് ജലസേചനം തുടങ്ങിയ പദ്ധതികളെ പ്രോൽസാഹിപ്പിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കണ്‍സ്യൂമര്‍ഫെഡ് ലാഭകരമാക്കുന്നതിനുള്ള പദ്ധതികള്‍

1202 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡിന്റെ കീഴിലുള്ള ത്രിവേണി സ്റ്റോറുകളില്‍ ആവശ്യത്തിലധികം തൊഴിലാളികളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇതുമൂലം സ്ഥാപനം ലാഭകരമായിട്ടാണോ പ്രവര്‍ത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവരെ നിലനിര്‍ത്തുന്നതിനും സ്ഥാപനം കൂടുതല്‍ ലാഭകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്‍കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡ്</u>

1203 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001 - 2006 കാലത്ത് കൺസ്യൂമർ ഫെഡിന്റെ സഞ്ചിത ലാഭം/സഞ്ചിത നഷ്ടം എത്ര; ഇക്കാലത്ത് സർക്കാരിൽ നിന്നും ലഭിച്ച സഹായ ധനം എത്ര;

(ബി) 2006 - 2011 കാലത്ത് കൺസ്യൂമർ ഫെഡിന്റെ സഞ്ചിത ലാഭം/സഞ്ചിത നഷ്ടം എത്ര; സർക്കാരിൽ നിന്ന് ലഭിച്ച സഹായധനം എത്ര;

(സി) 2006 - 2011 കാലഘട്ടത്തിൽ കൺസ്യൂമർ ഫെഡ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) 2001 -2006ലും 2006 - 2011 ലും എത്ര വിലക്കയറ്റ വിരുദ്ധ സഹകരണ ചന്തകളാണ് കൺസ്യൂമർ ഫെഡ് വഴി നടത്തിയത് ഓരോ കാലത്തേയും ആകെ വിറ്റ് വരവ് എന്തു തുക വീതം ആയിരുന്നു?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഇ. എം. എസ്. പദ്ധതി</u>

1204 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ഭവന പദ്ധതിയനുസരിച്ച് വായ്പ എടുക്കുകയും സർക്കാർ നൽകുമെന്ന് പറഞ്ഞിരുന്ന 10% പലിശ ലഭിക്കാത്തതുമായ സഹകരണ സ്ഥാപനങ്ങൾ നിലവിൽ ഉണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾക്കാണ് പലിശ ലഭ്യമാക്കാത്തത്;

(സി) അത്തരം സ്ഥാപനങ്ങൾക്ക് പലിശ നൽകുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1205 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അവയ്ക്ക് അംഗീകാരം ലഭിക്കുന്നതിനും ഉള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) വിവിധ മേഖലകളിലായി എത്ര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(സി) സഹകരണ സംഘം നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടെ ഘടനയിലോ, പ്രവര്‍ത്തനങ്ങളിലോ ഉള്ള മാറ്റം</u>

1206 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും ഘടനയിലോ, പ്രവര്‍ത്തനങ്ങളിലോ മാറ്റം വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഇപ്പോള്‍ പരിഗണിച്ചുവരുന്ന ഘടനാപരമായും പ്രവര്‍ത്തനപരമായുമുള്ള മാറ്റങ്ങള്‍ എന്താണെന്ന് വിശദമാക്കുമോ;

(സി) ഇതിനായി പഠനം നടത്തുന്നതിനോ, ശുപാര്‍ശ സമര്‍പ്പിക്കുന്നതിനോ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിലെ എ. ടി. എം.</u>

1207 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ബാങ്കുകളിൽ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിക്ഷേപകർക്ക് പണം പിൻവലിക്കാൻ എ. ടി. എം. സൗകര്യം ഇല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണ ബാങ്കുകളിൽ എ. ടി. എം. സൗകര്യം ഏർപ്പെടുത്തിയാൽ മറ്റ് കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ. ടി. എം. സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>വിലക്കയറ്റം നിയന്ത്രിക്കൽ</u>

1208 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞുവെന്നും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതിനായി സബ്സിഡി ഇനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനായി പുതിയ സഹകരണ മാർക്കറ്റുകളും, മെഡിക്കൽഷോപ്പുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ പ്രവർത്തന ശൈലി</u>

1209 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സഹകരണ സംഘങ്ങളിലെ പ്രവർത്തനമാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(സി) പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി പ്രത്യേകം പ്രവർത്തനങ്ങൾക്ക് രൂപം നൽകുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക വായ്പ എഴുതിത്തള്ളല്‍</u>

1210 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിന്റെ നെല്ലറയായ പാലക്കാട്ടിലെ നെല്‍കര്‍ഷകര്‍ക്ക് സഹകരണ വകുപ്പ് എന്തെല്ലാം സൗകര്യങ്ങള്‍ ആണ് ഒരുക്കിക്കൊടുക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കാര്‍ഷിക വായ്പയ്ക്ക് സഹകരണ സംഘങ്ങള്‍ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്;

(സി) കാലവര്‍ഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചാല്‍ വായ്പ എഴുതി തള്ളുന്നതിന് എന്തെല്ലാ സംവിധാനങ്ങളാണുള്ളത്; അപ്രകാരം ലഭിച്ച എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളത്; പാലക്കാട് ജില്ലയില്‍ അത്തരം എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിന്മേല്‍ വായ്പ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി) 01.06.2006 മുതല്‍ 01.03.2011 വരെ എത്ര കോടിരൂപയുടെ കാര്‍ഷിക വായ്പകളാണ് എഴുതിത്തള്ളിയത്; ജില്ലാടിസ്ഥാനത്തില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ; ഒറ്റപ്പാലത്തെ വിവിധ സഹകരണ ബാങ്കുകള്‍ കാര്‍ഷിക വായ്പ എഴുതി തള്ളിയതിന്റെ അപേക്ഷയുള്‍പ്പെടെയുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ; അതിന്മേല്‍ എന്ത് നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപം

1211 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ മൊത്തം നിക്ഷേപം എത്ര കോടി രൂപയായിരുന്നു ; നിക്ഷേപം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പിരിച്ചുവിട്ട ഭരണസമിതികൾ</u>

1212 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാലാവധി പൂർത്തിയാക്കാത്ത എത്ര സഹകരണസംഘം ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) അവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സർക്കാരിതര ഖാദിമേഖലയിൽ പെൻഷൻ</u>

1213 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിതര ഖാദിമേഖലയിൽ നിന്ന് വിരമിച്ചവർക്ക് യാതൊരു ആനുകൂല്യവും ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോസ്റ്റ് ചാർട്ട് അനുസരിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത മേഖലയിൽ നിന്നും വിരമിക്കുന്നവർക്കും പെൻഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ആശ്വാസ് 2011 പദ്ധതി</u>

1214 ശ്രീ.എം.വി.ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് കുടിശ്ശിക നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; അതിൻപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചതെന്ന് വിശദമാക്കാമോ ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി വഴി എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് മണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ബാങ്കിംഗ് നിയന്ത്രണ ഭേദഗതി

1215 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാരിന്റെ നിര്‍ദ്ദിഷ്ട ബാങ്കിംഗ് നിയന്ത്രണ ഭേദഗതി സംസ്ഥാനത്തെ സഹകരണ വായ്പകളുടെ ഏത് തരത്തിലുള്ള പ്രതിസന്ധികളാണുണ്ടാക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ;.

(ബി) എങ്കില്‍ ഇത് മറികടക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജ്</u>

1216 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് ആരംഭിച്ചത് മുതൽ ഇന്നേവരെ ഓരോ വർഷവും സംസ്ഥാന സർക്കാർ എത്ര തുകയാണ് പ്രസ്തുത സ്ഥാപനത്തിന് നൽകിയത്;

(ബി) ഗ്രാന്റായും, പ്രത്യേക പദ്ധതികൾക്കായും എത്ര തുക നൽകി; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായാണ് ചെലവഴിച്ചത്;

(ഡി) പരിയാരം മെഡിക്കൽ കോളേജ് എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ച് എന്നാണ് സർക്കാർ ഏറ്റെടുത്തത്;

(ഇ) സർക്കർ ഏറ്റെടുത്ത നടപടി റദ്ദാക്കിയതെപ്പോഴാണെന്നും, ഏതു സാഹചര്യത്തിലാണെന്നും വെളിപ്പെടുത്താമോ;

(എഫ) പ്രസ്തുത മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>വൈദ്യനാഥന്‍ പാക്കേജ്</u>

1217 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യനാഥന്‍ പാക്കേജ് നടപ്പാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സര്‍വ്വീസ് സഹകരണ സംഘങ്ങളുടെ പേരിനൊപ്പം ബാങ്ക് എന്ന പേര്‍ ചേര്‍ക്കുവാന്‍ അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര സര്‍ക്കാരിന് സമര്‍പ്പിച്ചിട്ടുണ്ടോ ?

(സി) ആയതു കേന്ദ്രം അംഗീകരിച്ചുവോ;

(ഡി) കമ്മീഷന്‍ ശുപാര്‍ശകള്‍ നടപ്പാക്കുന്ന കാര്യത്തില്‍ ഏതെല്ലാം നിര്‍ദ്ദേശങ്ങളാണ് സമര്‍പ്പിച്ചിട്ടുളളത്;

(ഇ) അക്കാര്യത്തില്‍ കേന്ദ്ര സര്‍ക്കാരിന്റെ നിലപാട് എന്താണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പട്ടിജാതി പട്ടികവര്‍ഗ്ഗ സ്ത്രീകളുടെ തൊഴിലില്ലായ്മ</u>

1218 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി/ പട്ടികവര്‍ഗ്ഗ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാന്‍ സഹകരണമേഖലയില്‍ പദ്ധതികള്‍ ആവിഷ്കരിക്കാന്‍ തയ്യാറാകുമോ;

(ബി) പരമ്പരാഗതവും, അല്ലാത്തതുമായ ഏതെല്ലാം പദ്ധതികള്‍ നടപ്പിലാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ കടങ്ങൾ</u>

1219 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് 25,000/- രൂപ വരെ വായ്പ എടുത്തിരുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ കടങ്ങൾ എഴുതിത്തളളാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോ; ഈ പദ്ധതി പ്രകാരം എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചു; ഇതിലേയ്ക്ക് മതിയായ തുക നീക്കിവച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയോടൊപ്പം കൂടുതൽ തുക വായ്പയെടുത്തിരുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോ;

(ഡി) ഭവനനിർമ്മാണത്തിനും മറ്റും വായ്പയെടുത്ത എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട തിരിച്ചടയ്ക്കാൻ പ്രാപ്തിയില്ലാത്തവർക്ക് മറ്റെന്തെങ്കിലും ആനുകൂല്യം നൽകാൻ കഴിയുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

മൊബൈൽ ന്യായവില ഷോപ്പുകൾ

1220 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡും വില്ലേജ് സർവ്വീസ് സഹകരണ ബാങ്കുകളും സംയുക്തമായി സംഘടിപ്പിക്കുന്ന മൊബൈൽ ന്യായവില ഷോപ്പുകൾ എന്ന ആശയം വില നിലവാരം പിടിച്ചുനിർത്താൻ ഫലപ്രദമാകുമെന്ന് കരുതുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ഓണം വിപണി

1221 ശ്രീ.എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണം പ്രമാണിച്ച് എത്ര സഹകരണ ഔട്ട്ലെറ്റുകളാണ് ആരംഭിച്ചതെന്നും ഇവയിലൂടെ ഏതെല്ലാം സാധനങ്ങളാണ് വിതരണം ചെയ്തതെന്നും എത്ര കോടി രൂപയുടെ വിപണനം നടന്നുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ത്രിവേണി സ്റ്റോറുകൾ നിലവിലില്ലാത്തിടങ്ങളിൽ അടിയന്തിരമായി അവ ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>

1222 ശ്രീ. സണ്ണി ജോസഫ്
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100 ദിന കർമ്മപദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം

(ബി) സഹകരണസ്ഥാപനങ്ങളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി എന്നുവരെയാണ്;

(സി) പ്രസ്തുത പദ്ധതിയിലൂടെ ഈ സർക്കാർ അധികാരമേറ്റശേഷം 2011 സെപ്റ്റംബർ വരെ എത്ര തുക പിരിച്ചെടുത്തുവെന്നും എത്ര രൂപയുടെ പലിശ ഇളവാണ് ഗുണഭോക്താക്കൾക്ക് നൽകിയത് എന്നും അറിയിക്കാമോ?